**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3456** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി സംവരണം പാലിച്ചുള്ള നിയമന അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നൽകി തുടങ്ങിയോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നൽകി തുടങ്ങിയിട്ടുണ്ട്. മാനേജർമാർ നേരിട്ട് 634 നിയമനങ്ങളും എംപ്ലോയ്മെന്റ് വഴി 373 നിയമനങ്ങളും നടത്തിയിട്ടുണ്ട്. |
| (ബി) | ഭിന്നശേഷി സംവരണ നിയമം പാലിച്ച് അംഗീകാരം നൽകുമ്പോൾ നിയമന തീയതി മുതൽ ശമ്പളം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അത് എന്നാണ് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ; | (ബി) | നിയമന അംഗീകാരം ലഭിക്കുന്ന തീയതി മുതൽ ശമ്പള ആനുകൂല്യങ്ങൾ നൽകുന്നതിൽ മറ്റ് തടസമില്ല. എന്നാൽ കുടിശ്ശിക തുക എപ്രകാരം നല്കണമെന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. |
| (സി) | അംഗീകാരം ലഭിച്ച കാലഘട്ടത്തിലെ ശമ്പളം ഇപ്പോൾ ഏത് രീതിയിലാണ് നൽകിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് സർക്കാർ ഇറക്കിയ ഉത്തരവ്, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലറുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (സി) | പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | 2021-ന് ശേഷം നൽകിയ നിയമനങ്ങളിൽ ഏതെങ്കിലും അദ്ധ്യാപകർക്കോ ഓഫീസ് അസിസ്റ്റന്റുമാർക്കോ എഫ്.ടി.എം.മാർക്കോ മുൻകാലപ്രാബല്യത്തിൽ കോടതി ഉത്തരവ് പ്രകാരം അവർ ജോലി ചെയ്ത മുഴുവൻ കാലഘട്ടത്തിലെയും ശമ്പളം ട്രഷറിയിൽ നിന്നും അവരുടെ അക്കൗണ്ടിലേക്ക് മാറി നല്കാനായിട്ടുണ്ടോ ; എങ്കിൽ അവരുടെ ശമ്പളം നൽകാനായി വിദ്യാഭ്യാസ വകുപ്പിൽ നിന്നും നൽകിയ നിർദ്ദേശത്തിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | ഭിന്നശേഷി നിയമം പാലിക്കാതെ അംഗീകാരം നൽകുന്ന ജീവനക്കാർക്ക് നൽകിവരുന്ന ദിവസ വേതന അടിസ്ഥാനത്തിലുള്ള നിയമനത്തിന് മുഴുവൻ ശമ്പളവും ശമ്പള സ്കെയിൽ അടിസ്ഥാനത്തിൽ | (ഇ) | ഭിന്നശേഷി നിയമനം പാലിക്കപ്പെടുന്ന മുറയ്ക്ക് മാത്രമേ നിലവിലെ നിയമപ്രകാരം ശമ്പള സ്കെയിൽ അടിസ്ഥാനത്തിൽ ശമ്പളം നൽകുവാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| | എപ്പോൾ മുതലാണ് നൽകുക എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ബഹു. കേരള ഹൈക്കോടതി റിട്ട് അപ്പിൽ നമ്പർ 1602/2022 തുടങ്ങിയ കേസുകളിൽ 13-03-2023 ന പുറപ്പെടുവിച്ച വിധിന്യായം - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമനം, അധ്യാപക അനധ്യാപക നിയമന അംഗീകാരങ്ങൾ - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്

സ.ഉ.(കൈ) നം.29/2023/GEDN തീയതി,തിരുവനന്തപുരം, 24-03-2023

പരാമർശം:
1. 18-11-2018 ലെ സ.ഉ. (അച്ചടി) നമ്പർ 18/2018/സാ.നീ.വ.
2. 07-05-2019 ലെ സ.ഉ. (അച്ചടി) നമ്പർ 5/2019/സാ.നീ.വ.
3. റിട്ട് പെറ്റീഷൻ നമ്പർ 19808/2021 തുടങ്ങിയ കേസുകളിൽ ബഹു. കേരള ഹൈക്കോടതി 10-08-2022 ന പുറപ്പെടുവിച്ച വിധിന്യായം.
4. 08-11-2021 ലെ സ.ഉ. (അച്ചടി) നമ്പർ 19/2021/പൊ.വി.വ.
5. 25-06-2022 ലെ സ.ഉ. (കൈ) നമ്പർ 111/2022/ പൊ.വി.വ.
6. റിട്ട് അപ്പീൽ നമ്പർ 1445/2022, 1602/2022 തുടങ്ങിയ കേസുകളിൽ ബഹു. കേരളഹൈക്കോടതി 13-03-2023 ന പുറപ്പെടുവിച്ച വിധിന്യായം.
7. 19-09-2022 ലെ സ.ഉ. (കൈ) നമ്പർ 162/2022/പൊ.വി.വ.
8. 28-10-2022 ലെ സർക്കാർ കത്ത് നമ്പർ ജെ3/49/2021/പൊ.വി.വ.
9. 07-05-2019 ലെ സ.ഉ. (അച്ചടി) നമ്പർ 5/2019/സാ.നീ.വ.
10. 25-08-2020 ലെ സ.ഉ. (അച്ചടി) നമ്പർ 19/2020/സാ.നീ.വ.
11. 28-10-2022 ലെ സ.ഉ. (അച്ചടി) നമ്പർ 7/2022/സാ.നീ.വ.

**ഉത്തരവ്**

സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മാനേജർമാർ പരാമർശം (1), (2) ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി 7-2-1996 മുതൽ 18-4-2017 വരെയുള്ള കാലയളവിലെ കേഡർ സ്ട്രെംഗ്തിലെ ആകെ ഒഴിവുകളുടെ 3 ശതമാനത്തിലും, 19-04-2017 മുതലുള്ള ഒഴിവുകളുടെ 4 ശതമാനത്തിലും ഭിന്നശേഷി സംവരണം നടപ്പാക്കി നിയമനം നടത്തണമെന്നും, 7-2-1996 മുതലുള്ള ബാക്ക്‌ലോഗ് ഒഴിവുകൾ 18-11-2018 മുതലുണ്ടായിട്ടുള്ള ഒഴിവുകളിൽ നികത്തണമെന്നും നിർദേശിച്ച് ബഹു . കേരള ഹൈക്കോടതി പരാമർശം (3) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടതു സംബന്ധിച്ച് പുറപ്പെടുവിച്ച പരാമർശം (5) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബഹു ഹൈക്കോടതി ശരിവച്ചിട്ടുണ്ട്. എന്നാൽ 8-11-2021 മുതൽ ഉണ്ടാകുന്ന ഒഴിവുകളിലാണ് എയ്ഡഡ് സ്കൂളുകളിൽ

ഭിന്നശേഷി സംവരണ നിയമനം നടത്തേണ്ടതെന്ന ഈ ഉത്തരവിലെ വ്യവസ്ഥ ബഹു . കോടതി റദ്ദാക്കിയിട്ടുമുണ്ട്. മേൽ വ്യവസ്ഥകൾ പ്രകാരം ബാക്ക് ലോഗ് കണക്കാക്കി ഭിന്നശേഷി സംവരണ നിയമനം നടപ്പിലാക്കിയതിനുശേഷം മാത്രമേ 18-11-2018 ന ശേഷം മാനേജർമാർ നടത്തിയിട്ടുള്ള നിയമനങ്ങൾ അംഗീകരിക്കപ്പെടുകയുള്ളൂവെന്നും എന്നാൽ 18-11-2018നു ശേഷം ഏതെങ്കിലും നിയമനങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവ പുന:പരിശോധിക്കേണ്ടതില്ലെന്നും ബഹു. ഹൈക്കോടതി ഈ വിധിന്യായത്തിൽ നിർദേശിച്ചിട്ടുണ്ട്.

2) പരാമർശം (3) ലെ വിധിന്യായത്തിനെതിരെ മാനേജർമാരും നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകരും നിരവധി റിട്ട് അപ്പീലുകൾ സമർപ്പിക്കുകയുണ്ടായി. ഇപ്രകാരം സമർപ്പിക്കപ്പെട്ടിരുന്ന റിട്ട് അപ്പീലുകളിൽ പരാമർശം (6) പ്രകാരം ബഹു. കോടതി പൊതു വിധിന്യായം പുറപ്പെടുവിച്ചിരിക്കുകയാണ്. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കു മുഴുവൻ അവർക്ക് അർഹമായ തസ്തികകളിൽ നിയമനം ലഭിക്കണം, അതോടൊപ്പം അധ്യാപക അനധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ചുകൊണ്ട് വിദ്യാർത്ഥികളുടെ അക്കാദമിക താല്പര്യങ്ങളും സംരക്ഷിക്കപ്പെടണം എന്നീ വസ്തുതകൾ കണക്കിലെടുത്താണ് ബഹു. കോടതി ഈ വിധിന്യായം പുറപ്പെടുവിച്ചിരിക്കുന്നത്. ആയതിനാൽ ഭിന്നശേഷി സംവരണം സംബന്ധിച്ച വിധിന്യായങ്ങളുടെയും, പ്രസ്തുത വിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമനം, അധ്യാപക അനധ്യാപക നിയമന അംഗീകാരങ്ങൾ സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ താഴെ പരാമർശിക്കും പ്രകാരം പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

i) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മാനേജർമാർ പരാമർശം(5) ഉത്തരവ് പ്രകാരം ഇപ്പോൾ 'സമന്വയ' വഴി തയ്യാറാക്കിയിട്ടുള്ള റോസ്റ്റർ, ബഹു . ഹൈക്കോടതിയുടെ പരാമർശം (3) ലെയും (6) ലെയും വിധിന്യായങ്ങൾ , സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം , ഓരോ എയ്ഡഡ് സ്കൂളിലും / മാനേജ്മെന്റിലും ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനായി ഒഴിവുകൾ മാറ്റി വയ്ക്കേണ്ടതും , 18-11-2018 മുതൽ ഉണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ട് ഇപ്പോൾ നിയമനാംഗീകാരമില്ലാതെ തുടരുന്ന അധ്യാപക , അനധ്യാപകരെ തൽസ്ഥാനങ്ങളിൽ നിന്നു മാറ്റി പ്രസ്തുത ഒഴിവിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെത്തന്നെ, ടിയാളുകളെ ലഭ്യമാകുന്ന മുറയ്ക്ക് നിയമിക്കേണ്ടതുമാണ് .

ii) പരാമർശം (3) ലെ വിധിന്യായത്തിൽ പുന:പരിശോധിക്കേണ്ടതില്ലെന്നു നിർദേശിക്കപ്പെട്ട നിയമനാംഗീകാരങ്ങൾ അപ്രകാരം തന്നെ തുടരുന്നതായിരിക്കും.

iii) ഇപ്രകാരം ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതുവരെ പ്രസ്തുത ഒഴിവിൽ തുടരുന്ന അധ്യാപകന് / അനധ്യാപകന്, മറ്റെല്ലാ തരത്തിലും യോഗ്യതയുണ്ടെങ്കിൽ, പ്രസ്തുത ഒഴിവ് താൽക്കാലികമായി കണക്കാക്കിക്കൊണ്ട്, ശമ്പള സ്കെയിലിൽ അംഗീകാരവും എല്ലാ അലവൻസുകളുമടക്കമുള്ള ശമ്പളവും നൽകേണ്ടതാണ്. എന്നാൽ ഇവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനോ വാർഷിക ഇൻക്രിമെന്റുകൾ അനുവദിക്കാനോ പാടില്ല. ഇപ്രകാരം നിയമനാംഗീകാരം നൽകുന്നതിനു ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി വരെ കാത്തിരിക്കേണ്ടതുമില്ല. മാനേജർ, സബ് റീജിയണൽ / സ്പെഷ്യൽ

എംപ്ലോയ്മെന്റ് ഓഫീസർക്ക് അയച്ച ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ആവശ്യപ്പെട്ടുകൊണ്ടുള്ള Requisition Form ന്റെ പകർപ്പ് ലഭ്യമായാൽ അക്കാര്യം ഉറപ്പ് വരുത്തിക്കൊണ്ട് പ്രസ്തുത ഒഴിവിൽ നിയമിക്കപ്പെട്ടിരിക്കുന്ന ആളിന് താൽക്കാലിക നിയമനാംഗീകാരം നൽകേണ്ടതാണ്. ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി വരെയായി ഈ നിയമനാംഗീകാരം പരിമിതപ്പെടുത്തിയാണ് ഉത്തരവ് നൽകേണ്ടത്. 18-11-2018 മുതൽ 07-11-2021 വരെ ഉണ്ടായ ഒഴിവുകളിൽ 07-11-2021 ന് ശേഷം നിയമിക്കപ്പെട്ട ആളാണെങ്കിലും മേല്പറഞ്ഞ താൽക്കാലിക നിയമനാംഗീകാരത്തിന് അർഹതയുണ്ടായിരിക്കും. ഇപ്രകാരം താൽക്കാലിക നിയമനാംഗീകാരം നൽകുന്നതിന് മാനേജർ, സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർക്ക് അയച്ച ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ആവശ്യപ്പെട്ടുകൊണ്ടുള്ള Requisition Form ന്റെ പകർപ്പും ഭിന്നശേഷി സംവരണ നിയമനത്തിനായി മാറ്റിവച്ച ഒഴിവിന്റെ വിവരങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ടും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്കു സമർപ്പിക്കേണ്ടതാണ്. ഒഴിവ് റിപ്പോർട്ട് ചെയ്ത കാര്യം ഉറപ്പ് വരുത്തിക്കൊണ്ടു മാത്രമേ ഇത്തരത്തിൽ താൽകാലിക നിയമനാംഗീകാരം നൽകാവൂ.

iv) മേൽ പറഞ്ഞതു പ്രകാരം താൽക്കാലിക നിയമനാംഗീകാരം നേടുന്ന ആൾ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതുമൂലം പുറത്തു പോകേണ്ടി വരുമ്പോൾ ആ സ്കൂളിൽ / ആ മാനേജ്മെന്റിലെ മറ്റു സ്കൂളുകളിൽ പിന്നീടുണ്ടാകുന്ന ഒഴിവുകളിൽ, അതിൽ നിയമിക്കപ്പെടാനുള്ള അയാളുടെ മറ്റു യോഗ്യതകൾക്കു വിധേയമായി, പുനർ നിയമനത്തിന് കെ.ഇ.ആർ അദ്ധ്യായം XIV (A), ചട്ടം 51 A യ്ക്കു തുല്യമായ അവകാശം ഉണ്ടായിരിക്കും. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലകളിൽ ചട്ടം 51 A അവകാശം അനുവദിച്ചിട്ടില്ലാത്തതിനാൽ ഇത്തരം സന്ദർഭങ്ങളിൽ ചട്ടം 51 A യ്ക്കു തുല്യമായ മുൻഗണന നൽകാവുന്നതാണ്.

v) റോസ്റ്റർ പ്രകാരം നിയമിക്കേണ്ട എണ്ണം ഒഴിവുകൾ ഭിന്നശേഷി നിയമനത്തിനായി മാറ്റിവച്ച് മാനേജർ ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ അക്കാര്യവും ഒഴിവുകളുടെ നിജസ്ഥിതിയും ഉറപ്പുവരുത്തിക്കൊണ്ട് 18.11.2018 മുതൽ മാനേജർ നടത്തിയിട്ടുള്ള മറ്റ് അദ്ധ്യാപക / അനദ്ധ്യാപകരുടെ നിയമനങ്ങൾ അവരുടെ നിയമനത്തീയതി മുതൽ തന്നെ താൽക്കാലികമായി (പ്രൊവിഷണൽ) അംഗീകരിക്കാവുന്നതും ശമ്പളവും മറ്റ് അലവൻസുകളും അനുവദിക്കാവുന്നതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഭിന്നശേഷി വിഭാഗം ഉദ്യോഗാർത്ഥിയെ ലഭ്യമാക്കി ബാക്ക് ലോഗ് പരിഹരിച്ച് മാനേജർ നിയമിക്കുകയും, അംഗീകാരം ലഭിക്കുകയും ചെയ്ത് നൽകുന്ന മുറയ്ക്ക് പ്രസ്തുത കാറ്റഗറിയിൽ പ്രൊവിഷണലായി തുടരുന്ന മറ്റ് നിയമനങ്ങൾ നിയമന തീയതി മുതൽ വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച് റഗുലറൈസ് ചെയ്യാവുന്നതാണ്.

vi) പരാമർശം (5) ലെ ഉത്തരവിൽ നിർദേശിച്ചിട്ടുള്ള നടപടിക്രമങ്ങളെല്ലാം പാലിച്ചതിനു ശേഷവും സംവരണ നിയമനത്തിനായി ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ലഭിക്കുന്നില്ലെങ്കിൽ പ്രസ്തുത ഒഴിവിൽ താൽക്കാലിക നിയമനാംഗീകാരത്തോടെ തുടരുന്ന ആളിനെ അയാളുടെ 18-11-2018 ന് ശേഷമുള്ള നിയമനത്തീയതി മുതൽ തന്നെ സ്ഥിരപ്പെടുത്താവുന്നതാണ്.

vii) റോസ്റ്റർ തയ്യാറാക്കി സമർപ്പിക്കാത്ത മാനേജ്മെന്റുകളുടെ ബാക്ക് ലോഗ് കണക്കാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത മാനേജ്മെന്റിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകേണ്ടതില്ല. ഇത്തരം മാനേജ്മെന്റുകളിൽ തുടരുന്ന ജീവനക്കാരുടെ നിയമനാംഗീകാരം റോസ്റ്റർ സമർപ്പിച്ച് അംഗീകരിച്ചു നൽകുന്ന മുറയ്ക്ക് പരിഗണിച്ചാൽ മതിയാകും.

viii) സാമൂഹ്യ നീതി വകുപ്പിന്റെ പരാമർശത്തിലെ ഉത്തരവുകളും 31.10.2019-ലെ സ.ഉ(പി) നം. 12/2019/സാനീവ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ The Person with Disabilities (Equal opportunities, Protection of Rights and Full Participation) Act, 1995 ലെ സെക്ഷൻ 33 പ്രകാരം 7-2-1996 മുതൽ 17-4-2017 വരെയുള്ള കാലയളവിലെ കേഡർ സ്ട്രെംഗ്തിലെ ആകെ ഒഴിവുകളുടെ 3 ശതമാനത്തിൽ ഓരോ കാറ്റഗറിയിലും (i) Blindness or Low Vision, (ii) Hearing impairment, (iii) Locomotor Disability or Cerebral Palsy വിഭാഗങ്ങളിലുള്ള ഭിന്നശേഷിക്കാരെയും (ഒരു ശതമാനം വീതം), The Rights of Persons with Disabilities Act, 2016 ലെ സെക്ഷൻ 34 പ്രകാരം 18-04-2017 മുതലുള്ള ഒഴിവുകളുടെ 4 ശതമാനത്തിൽ *(a)* blindness and low vision; *(b)* deaf and hard of hearing; *(c)* locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular dystrophy; (ഒരു ശതമാനം വീതം) *(d)* autism, intellectual disability, specific learning disability and mental illness; *(e)* multiple disabilities from amongst persons under clauses *(a)* to *(d)* including deaf-blindness in the posts identified for each disabilities (d, e വിഭാഗങ്ങൾക്ക് രണ്ടിനും കൂടി ഒരു ശതമാനം) വിഭാഗങ്ങളിലുള്ള ഭിന്നശേഷിക്കാരെയും നിയമിക്കേണ്ടതാണ്.

ix) 08/11/2021 ന ശേഷം ഉണ്ടായ ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകേണ്ടതും, ഭിന്നശേഷി സംവരണം പാലിക്കപ്പെടുന്ന മുറയ്ക്ക് മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ, അത്തരം സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നവരെ, അവരുടെ നിയമന തീയതി മുതൽ റഗുലറായി ക്രമീകരിക്കാവുന്നതുമാണ്.

x) ഇതിനകം അംഗീകാരം നിരസിക്കപ്പെട്ട നിയമനങ്ങളിൽ ഏതിനെങ്കിലും മേൽ പ്രസ്താവിച്ച സ്പഷ്ടീകരണങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകാരം നൽകാൻ കഴിയുമെങ്കിൽ അവ അപ്പലേറ്റ് ഉത്തരവ് ഇല്ലാതെ തന്നെ വിദ്യാഭ്യാസ ഓഫീസർമാർക്ക് പുന:പരിഗണിക്കാവുന്നതാണ്.

xi) മേൽ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ വിശദമായ തുടർ മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സ.ഉ.(കൈ) നം.29/2023/GEDN

(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
ഡയറക്ടർ വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
പൊതുവിദ്യാഭ്യാസ ജോയിന്റ് സെക്രട്ടറിയുടെ സി.എക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

--ഭരണഭാഷ മാതൃഭാഷ--

എച്ച്2/295299/2022/ഡി.ജി.ഇ. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി: 31.03.2023

# സർക്കുലർ

വിഷയം പൊതുവിദ്യാഭ്യാസം - എയ്ഡഡ് - നിയമനാംഗീകാരം - ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് സമന്വയ വഴിയുള്ള റോസ്റ്റർ രജിസ്റ്റർ പരിശോധിച്ച് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ മാനേജർമാർ നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന
1 10/08/2022-ലെ ബഹു. ഹൈക്കോടതിയുടെ ഡബ്ല്യു(പി.സി) 19808/2021 നമ്പർ വിധിന്യായം.
2 08/11/2021-ലെ സ.ഉ.(അച്ചടി) 19/2021/പൊ.വി.വ.
3 25/06/2022-ലെ സ.ഉ.(കൈ) 111/2022/പൊ.വി.വ.
4 23/11/2022, 25/01/2023 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറും, കത്തും.
5 13/03/2023-ന് ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് റിട്ട് അപ്പീൽ നം. 1445/2022 ഉൾപ്പെടെയുള്ള റിട്ട് അപ്പീലുകളിമേൽ പുറപ്പെടുവിച്ച വിധിന്യായം
6 24/03/2023-ലെ സ.ഉ.(കൈ) 29/2023/പൊ.വി.വ

സംസ്ഥാനത്തെ എയ്ഡഡ് പ്രൈമറി, സെക്കണ്ടറി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ നിയമനങ്ങളിൽ 1995 ലെ പി.ഡബ്ല്യു.ഡി. ആക്ട് പ്രകാരം, ഭിന്നശേഷിക്കാർക്കായി 07/02/1996 മുതൽ 18/04/2017 വരെ 3% സംവരണവും 2016-ലെ ആർ.പി.ഡബ്ല്യു.ഡി ആക്ട് പ്രകാരം 19/04/2017 മുതൽ 4% സംവരണവും പാലിക്കപ്പെടുന്നതിനായി പരാമർശം (4) പ്രകാരം സമന്വയ മുഖേന റോസ്റ്റർ രജിസ്റ്റർ തയ്യാറാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. ഈ വിഷയത്തിൽ സൂചന 5 പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയും സൂചന 6 പ്രകാരം സർക്കാരും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് താഴെപ്പറയുന്ന മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തുന്നതിനായി പരാമർശം 3, 4 നിർദേശ പ്രകാരം തയ്യാറാക്കിയ റോസ്റ്റർ, അതുപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നൽകിയ റിക്വിസിഷൻ ഫോറം, കൈപ്പറ്റ് രസീത് എന്നിവ സമന്വയ- യിൽ നിയമന രേഖകളോടൊത്ത് സമർപ്പിച്ചിട്ടുള്ള മാനേജ്മെന്റുകളിലെ നിയമനാംഗീകാരം കാലതാമസം കൂടാതെ പരിഗണിക്കേണ്ടതാണ്.
2. സമന്വയയിൽ റോസ്റ്റർ സമർപ്പിക്കാത്ത മാനേജ്മെന്റുകൾ ആയത് 2023 ഏപ്രിൽ 30- നകം സമന്വയ- യിൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കുന്ന മാനേജ്മെന്റുകളുടെ നിയമനാംഗീകാരം ക്രമനം. 1 ൽ പറയുന്ന മാനേജ്മെന്റുകളുടെ നിയമനാംഗീകാര പ്രക്രിയ പൂർത്തിയാകുന്ന മുറക്ക് ആരംഭിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം റോസ്റ്റർ സമർപ്പിക്കാത്ത മാനേജ്മെന്റുകളുടെ നിയമനം സൂചന 6 ഉത്തരവിലെ ഖണ്ഡിക 2 (vii) പ്രകാരം പരിഗണിക്കേണ്ടതാണ്.
3. 18/11/2018 മുതൽ 08/11/2021 വരെയുള്ള നിയമനങ്ങൾ താത്കാലികമായി ശമ്പള നിരക്കിലും, 08/11/2021 ന് ശേഷമുളളവ ദിവസ വേതനാടിസ്ഥാനത്തിലും മറ്റ് വിധത്തിൽ ക്രമമെങ്കിൽ അംഗീകാരം നൽകാവുന്നതാണ്.
4. വി.എച്ച്.എസ്.ഇ/ എച്ച്.എസ്.ഇ മേഖലയിൽ 18.11.2018 മുതൽ ഉണ്ടായ ഒഴിവുകളിൽ 07/11/2021 വരെ ഇന്റർവ്യൂ നടത്തിയ കേസുകൾ, പരാമർശം 6 ഉത്തരവിലെ ഖണ്ഡിക 2(iii) ന്റെ പരിധിയിൽ അംഗീകാരത്തിന് പരിഗണിക്കാവുന്നതാണ്.
5. നിയമനം അംഗീകരിക്കുന്നതിനായി ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നത് വരെ കാത്തിരിക്കേണ്ടതില്ലാത്തതും, ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നത് വരെയായി നിയമനം പരിമിതപ്പെടുത്തി ഉത്തരവ് നൽകേണ്ടതുമാണ്. ഇപ്രകാരം അനുവദിക്കുന്ന താത്കാലീക നിയമനങ്ങൾക്ക് നിലവിൽ പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവ അനുവദിച്ച് നൽകാനാവില്ല.
6. പരാമർശം 3 ഉത്തരവ് തീയതിയായ 25/06/2022-ന് ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തേണ്ടത്. ഈ നിർദ്ദേശത്തിന് വിരുദ്ധമായി മാനേജർ ഏതെങ്കിലും കാറ്റഗറിയിൽ ഭിന്നശേഷിക്കാരെ നിയമിച്ചിട്ടുണ്ടെങ്കിൽ ആയത് സംവരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതില്ലാത്തതും, പൊതു വിഭാഗത്തിൽ ഉൾപ്പെടുത്തി നടപടി കൈക്കൊള്ളേണ്ടതുമാണ്.
7. നിലവിൽ സമന്വയയിൽ സമർപ്പിക്കപ്പെട്ട റോസ്റ്റർ പരിശോധിച്ച് വിദ്യാഭ്യാസ ആഫീസർമാർ അംഗീകാരം നൽകേണ്ടതുണ്ട്. ഇതിനായി 07.02.1996 മുതൽ നടത്തിയ നിയമനങ്ങളിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികളുണ്ടെങ്കിൽ അവരുടെ ഭിന്നശേഷി തെളിയിക്കുന്നതിന്

മതിയായ ആധികാരിക രേഖകൾ (മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, മുതലായവ) കൂടി പരിശോധനക്കായി മാനേജർ സമർപ്പിക്കേണ്ടതും, അവയുടെ ഒരു പ്രതി തുടർ പരിശോധനകൾക്കായി വിദ്യാഭ്യാസ ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

8. എംപ്ലോയ്മെന്റിൽ നിന്നും ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ലഭ്യമാകുകയും സംവരണം പാലിച്ച് മാനേജർ നിയമിക്കുകയും ചെയ്യുന്ന മുറക്ക് പ്രസ്തുത ഭിന്നശേഷി ഉദ്യോഗാർത്ഥിയുടെ നിയമനം പരിഗണിച്ച് അംഗീകാരം നൽകേണ്ടതാണ്. ഇതിനായി സർക്കാർ ഉത്തരവ് 07/2022/എസ്.ജെ.ഡി തീയതി. 28/10/2022 പ്രകാരമുള്ള "JOB ORIENTED PHYSICAL AND FUNCTIONALITY CERTIFICATE" നോട്ടിഫൈഡ് മെഡിക്കൽ അതോറിറ്റിയിൽ നിന്നും ഉദ്യോഗാർത്ഥി ഹാജരാക്കേണ്ടതാണ്. ഇപ്രകാരം നിയമനം അംഗീകരിക്കപ്പെട്ട ഉദ്യോഗാർത്ഥിയുടെ നിയമനവിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ മാനേജർ അറിയിക്കേണ്ടതാണ്.
9. മുൻ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ മാനേജ്മെന്റിൽ ഒരു കാറ്റഗറിയിൽ ആവശ്യമായ ഭിന്നശേഷി സംവരണം പാലിക്കപ്പെട്ട് കഴിഞ്ഞാൽ പ്രസ്തുത കാറ്റഗറിയിൽ, നിലവിൽ താത്കാലിക/ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് തുടരുന്നവരെ തസ്തിക നിലനിൽക്കുന്ന കാലം വരെ നിയമന തീയ്യതി മുതൽ റഗുലറായി ക്രമീകരിക്കാവുന്നതാണ്. ഇത്തരത്തിൽ റഗുലറൈസ് ചെയ്യുമ്പോൾ ഒരേ തസ്തികയിലെ നിയമനാർത്ഥികളുടെ സീനിയോറിറ്റി പരിഗണിച്ചാകണം ക്രമീകരിക്കേണ്ടത്.
10. ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതുവഴി തസ്തിക നഷ്ടമാകുന്നവർക്ക് പ്രസ്തുത മാനേജ്മെന്റിൽ പുനർനിയമനത്തിന് സൂചന 6 ഉത്തരവിലെ ഖണ്ഡിക 2(iv) പ്രകാരം കെ.ഇ.ആർ. അധ്യായം XIV എ ചട്ടം 51എ അവകാശം ഉണ്ടായിരിക്കുന്നതാണ്. ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതുവഴി തസ്തിക നഷ്ടമാകുന്നവർക്ക് എച്ച്.എസ്.എസ്/ വി.എച്ച്.എസ്.എസ് മേഖലകളിൽ കെ.ഇ.ആർ. അധ്യായം XIV എ ചട്ടം 51എ ക്ക് തുല്യമായ മുൻഗണന നൽകാവുന്നതാണ്.
11. സംവരണം പാലിക്കുന്നതിനായി പരാമർശം 3, 4 -ലെ വ്യവസ്ഥകൾ പാലിച്ചും, ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ലഭ്യമാകുന്നില്ലെങ്കിൽ അത്തരം തസ്തികയിൽ തുടരുന്ന താത്ക്കാലിക/ദിവസവേതന ജീവനക്കാരെ മാനേജരുടെ അപേക്ഷയുടേയും, രേഖകളുടേയും അടിസ്ഥാനത്തിൽ, നിയമനത്തീയതി മുതൽ തസ്തികയും, ഒഴിവും നിലനിൽക്കുന്നു എന്ന് ഉറപ്പാക്കി റഗുലറൈസ് ചെയ്യാവുന്നതാണ്. തുടർന്നുവരുന്ന ഒഴിവുകൾ ബാക്ക് ലോഗ് പരിഹരിക്കുന്നതിന് മാറ്റിവയ്ക്കുന്നത് സംബന്ധിച്ച് നിർദേശങ്ങൾ നൽകുന്നതാണ്.

12. നിലവിൽ നിരസിക്കപ്പെട്ട് വിവിധ ആഫീസുകളിലായി അപ്പീൽ/റിവിഷൻ അപ്പീൽ ഘട്ടത്തിലുള്ള ഫയലുകളിൽ Dispose Action എടുത്ത് ഉത്തരവ് നൽകേണ്ടതാണ്. ഇപ്രകാരം തീർപ്പ് കൽപ്പിച്ചതോ/നിരസിക്കപ്പെട്ട് തുടരുന്നതോ ആയ നിയമനങ്ങൾ വിദ്യാഭ്യാസ ഓഫീസുകളിൽ റീ-ഓപ്പൺ ചെയ്ത് നടപടി സ്വീകരിക്കേണ്ടതാണ്.
13. ഭിന്നശേഷി സംവരണം പാലിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ അംഗീകാരമില്ലാതെ തുടരുന്ന എല്ലാ നിയമന ഫയലുകളും ഉടൻ പരിശോധിച്ച് തീർപ്പ് കൽപ്പിക്കാനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.
14. നിലവിൽ മാനേജർ ഇല്ലാത്തതും, വിദ്യാഭ്യാസ ഓഫീസർ താല്ക്കാലിക മാനേജരുടെ ചുമതല വഹിക്കുന്നതുമായ ഇടങ്ങളിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ തന്നെ റോസ്റ്റർ തയ്യാറാക്കി സമന്വയയിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ.

സ്വീകർത്താവ്:-

1) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം.

2) എല്ലാ ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

3) എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി അഡീഷണൽ ഡറയക്ടർമാർക്കും.

4) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

5) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.

6) എല്ലാ മാനേജർമാർക്കും.

7) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

Annexure II as per G O (P) No 7/ 2022/ SJD dated 28.10.2022

## JOB ORIENTED PHYSICAL AND FUNCTIONALITY CERTIFICATION

| Recent passport size attested photograph of the person with disability. |
|---|

**Certificate no:** **Date of issue:**

This is to certify that I have carefully examined Shri/Smt/Kum.............................. son/wife/daughter of Shri..........................Date of Birth (DD/MM/YY) ...../...../..... Age.......years, male/female.............with disability certificate No:............................ Permanent resident of House No.....................Ward/Village/Street....................... Post Office........................District.........................State Kerala, whose photogragh is affixed above, has been evaluated for the job oriented physical and functional capabilities, and is shown against the physical requirement and Categories of disability.

**Physical Requirement**

Please mark "yes" if physical requirement is present, Strike out if the requirement is not present.

Example: One Arm- if present- **[Yes]** One Arm- if absent- **[ / ]**

| | | | | | |
|---|---|---|---|---|---|
| 1 | One Arm (OA) | | 15 | Kneeling and Crouching (KC) | |
| 2 | One Leg (OL) | | 16 | Lifting (L) | |
| 3 | One Arm and One Leg (OAL) | | 17 | Movement (M) | |
| 4 | Both arms (BA) | | 18 | Manipulation by Fingers (MF) | |
| 5 | Both Leg (BL) | | 19 | Observing (Watching) (O) | |
| 6 | Both Legs and Arms (BLA) | | 20 | Picking (P) | |
| 7 | Both legs and One Arm (BLOA) | | 21 | Pulling and Pushing (PP) | |
| 8 | Bending (BN) | | 22 | Reading (R) | |
| 9 | Communication (C) | | 23 | Seeing (SE) | |
| 10 | Climbing (CL) | | 24 | Sitting (S) | |
| 11 | Crawling (CRL) | | 25 | Standing (ST) | |
| 12 | Hearing (H) | | 26 | Walking (W) | |
| 13 | Holding (HO) | | 27 | Writing (WR) | |
| 14 | Jumping (JU) | | | | |

| Categories of Disability | | | | | | |
|---|---|---|---|---|---|---|
| **I. Visual Impairment (VI)** | | | | | | |
| Ia | Blindness (B)<br>Category IV a-90%<br>IV b-100% | | Ib | Low Vision (LV)<br>Category IIIa (Low Vision- 40%)<br>IIIb (Low Vision-50%)<br>IIIc (Low Vision-60%)<br>IIId (Low Vision-70%)<br>IIIe (Low Vision-80%) | | |
| **II. Hearing Impairment (HI)** | | | | | | |
| IIa | Deaf (D) (70dB loss in BE)<br>Communication as assessed in WHODAS 2.......... % | | IIb | Hard of Hearing (HH) (60-70dB loss in BE) | | |
| IIc | Speech and Language Disability (SL) % | | | | | |
| **III .Locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular dystrophy** | | | | | | |
| IIIa | Dwarfism (DW)...........%<br>Communication as assessed in WHODAS 2............% | | III e | Cerebral Palsy (CP)<br>GMFCS Level I (<40%)<br>Level II (40-50%)<br>Level III (51-60%)<br>Level IV (61-79%)<br>Level V (80% or more)<br>MACS Level I (20%)<br>Level II (30%)<br>Level III (40%)<br>Level IV (55%)<br>Level V (70% or more) | | |
| IIIb | Leprosy Cured (LC)<br>WHO Grading Grade 0<br>Grade 1<br>Grade 2 | | | | | |
| IIIc | Muscular Dystrophy (MD)<br>..........% | | III d | Acid Attack Victims (AAV)<br>................% | | |
| **CategoryIV** | | | | | | |
| IVa | Autism (ASD) | | IV b | Specific Learning Disability (SLD)..................% | | |
| IVc | Intellectual Disability(ID)<br>VSMS Score Disability-100%<br>Disability-90%<br>Disability-75%<br>Disability-50%<br>Disability-25% | | IV d | Mental Illness(ID)<br>IDEAS Scoring 0-No Illness<br>1-Mild<br>2-Moderate<br>3-Severe<br>4-Profound | | |
| V | **Category V-Multiple Disability**<br>Disability 1 ................% 2 Disabilities= a+[b x (90-a)]/90 if a>b<br>Disability 2 ................% Overall Disability Percentage.............% | | | | | |

(Guidlines for evaluation of various disabilities and procedure for certification, Jan 5,2018,Gazette of India).

Authorised Signatory of notified Medical Authority

Name and Seal

നം.എച്ച്2/295299/2021/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 16/05/2023
ഫോൺ നം-0471 2580515
supdth.dge@kerala.gov.in

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - എയ്ഡഡ്- ഭിന്നശേഷി സംവരണം - ബാക്ക്‌ലോഗ് നിയമനം സംബന്ധിച്ച റോസ്റ്റർ പരിശോധിച്ച് കൺഫേം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) സ.ഉ (കൈ) നം. 111/2022 /പൊ.വി.വ. തീയതി. 25/06/2022.
2) സർക്കുലർ നം. എച്ച്2/295299/2021/ഡി.ജി.ഇ തീയതി. 23/11/2022.
3) സർക്കുലർ നം. എച്ച്2/295299/2021/ഡി.ജി.ഇ തീയതി. 05/01/2023.
4) സ.ഉ (കൈ) നം. 29/2023/പൊ.വി.വ. തീയതി. 24/03/2023.
5) സർക്കുലർ നം.എച്ച്2/295299/2022/ഡി.ജി.ഇ തീയതി. 31/03/2023.
6) സ.ഉ (കൈ) നം. 51/2023/പൊ.വി.വ. തീയതി. 02/05/2023.

പരാമർശം 2,3 സർക്കുലറുകൾ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിനായി ബാക്ക് ലോഗ് കണക്കാക്കി 'സമന്വയ' വഴി അപ്‌ലോഡ് ചെയ്യുന്നതിനും സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് ആനുപാതികമായ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. മാനേജർമാർ 'സമന്വയ' വഴി സമർപ്പിച്ച റോസ്റ്ററിലെ വിവരങ്ങളുടെ ആധികാരികത പരിശോധിച്ചുറപ്പിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ നിർദേശങ്ങൾ, ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികൾക്കും മാനേജർമാർക്കും നൽകുന്നു.

1) 'സമന്വയ' -യിൽ വിദ്യാഭ്യാസ ഓഫീസർമാരുടെ ലോഗിനുകളിൽ RPWD Roster ലഭ്യമാണ്. അതാത് വിദ്യാഭ്യാസ ഓഫീസുകൾക്ക് കീഴിൽ വരുന്ന സ്കൂളുകളിൽ നടത്തിയ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ, ലഭ്യമായ രേഖകൾ പരിശോധിച്ച് ആയതിന്റെ ആധികാരികത ഉറപ്പുവരുത്തേണ്ടതാണ്. പരിശോധനയിൽ ഏതെങ്കിലും എൻട്രിയിൽ അപാകത കണ്ടെത്തിയാൽ ആ എൻട്രിക്ക് നേരെയുള്ള more എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ലഭ്യമാകുന്ന റിമാർക്സ് ബോക്സിൽ അപാകത സംബന്ധിച്ച രേഖപ്പെടുത്തൽ നടത്തി

സേവ് ചെയ്ത്, റോസ്റ്റർ റീ സെറ്റ് ചെയ്തതിനുശേഷം പ്രസ്തുത വിവരം മാനേജരെ അറിയിക്കേണ്ടതാണ്. മാനേജർ ആവശ്യമായ തിരുത്തൽ വരുത്തി വീണ്ടും കൺഫേം ചെയ്യേണ്ടതും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ, അപാകത പരിഹരിച്ചു എന്ന് ഉറപ്പുവരുത്തി verify ബട്ടൺ ക്ലിക്ക് ചെയ്ത് രേഖപ്പെടുത്തലുകൾ ആധികാരികമാക്കേണ്ടതുമാണ്.

2) വിദ്യാഭ്യാസ ഓഫീസർമാർക്കും മാനേജർമാർക്കും തങ്ങളുടെ ലോഗിനുകളിൽ ഏതെല്ലാം സ്കൂളുകളിലെ വെരിഫിക്കേഷനുകൾ പൂർത്തിയായിട്ടുണ്ട് എന്നത് അറിയാവുന്നതാണ്.

3) വിവിധ ഓഫീസുകൾക്ക് കീഴിൽ സ്കൂളുകളുള്ള മാനേജ്മെന്റുകൾ സമർപ്പിച്ച റോസ്റ്റർ ഡാറ്റ ഏതെങ്കിലും ഒരു ഓഫീസിൽ റീസെറ്റ് ചെയ്യുന്നത് മൂലം മറ്റ് ഓഫീസുകളിൽ നിന്നും നടത്തിയ വെരിഫിക്കേഷനുകൾ നഷ്ടപ്പെടുന്നതല്ല.

4) മാനേജർമാർ റോസ്റ്റർ പൂർത്തീകരിച്ച് സമർപ്പിക്കുകയും, സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് ആനുപാതികമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയും, സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് ഭിന്നശേഷി ഉദ്യോഗാർത്ഥികളെ ആവശ്യപ്പെട്ടുകൊണ്ടുള്ള റിക്വിസിഷന്റെ കൈപ്പറ്റു രസീതിയോ/ non availability സർട്ടിഫിക്കറ്റോ ഹാജരാക്കുകയും ചെയ്യുന്ന മുറക്ക് നിലവിൽ അംഗീകാരം ഇല്ലാതെ തുടരുന്ന നിയമനങ്ങൾ, സർക്കാർ ഉത്തരവുകളിലേയും, സർക്കുലറുകളിലേയും വ്യവസ്ഥകൾ പ്രകാരം അംഗീകാരത്തിനു പരിഗണിക്കേണ്ടതാണ്. ഇതിനായി റോസ്റ്റർ പരിശോധന പൂർത്തിയാക്കുന്നതുവരെ കാത്തിരിക്കേണ്ടതില്ല.

5) സമന്വയിൽ ഇതുവരെ റോസ്റ്റർ സമർപ്പിക്കാത്ത മാനേജർമാർ ആയത് ഉടനെ തന്നെ സമന്വയയിൽ സമർപ്പിക്കേണ്ടതും, ആയത് പ്രകാരം ബാക്ക്ലോഗ് പരിഗണിക്കാനുള്ള റിക്വിസിഷൻ സ്പെഷ്യൽ എംപ്ലോയിമെന്റിൽ സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരം മാനേജർമാർ നിലവിൽ സമന്വയയിൽ സമർപ്പിച്ചിട്ടുള്ള റോസ്റ്റർ ഡാറ്റ, പരിശോധിച്ച് കൺഫേം ചെയ്യേണ്ടതും, സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിക്വിസിഷൻ സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരം നടപടി ക്രമം പൂർത്തികരിച്ച മാനേജർമാർ നടത്തിയ നിയമനങ്ങൾക്ക് പ്രൊവിഷണൽ(താൽക്കാലിക

അംഗീകാരം) നൽകുന്നതിനുള്ള നടപടികൾ 30/06/2023 നകം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ പൂർത്തീകരിക്കേണ്ടതാണ്.

6) റോസ്റ്റർ ഡാറ്റ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ആവശ്യമായ ഭിന്നശേഷി നിയമനം നടത്തിയെന്ന് ഉറപ്പുവരുത്തിയതിനുശേഷം / സൂചന (1) സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങളെല്ലാം പാലിച്ചതിനുശേഷം, സംവരണ നിയമനത്തിനായി ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ലഭിക്കുന്നില്ലായെങ്കിൽ പരാമർശപ്രകാരമുള്ള സർക്കാർ ഉത്തരവുകൾക്കും സർക്കുലറുകൾക്കും അനുസൃതമായി ശമ്പള സ്കെയിലിൽ നൽകിയ താൽക്കാലിക നിയമനാംഗീകാരങ്ങളും ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനാംഗീകാരങ്ങളും നിയമനത്തീയതി മുതൽ തന്നെ ശമ്പളസ്കെയിലിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ റഗുലറൈസ് ചെയ്ത് നൽകേണ്ടതാണ്.

7) ഹയർ സെക്കന്ററി / വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലെ റോസ്റ്റർ പരിശോധന, മേൽ നിർദ്ദേശിച്ച സമയ പരിധിക്കകം തന്നെ അതാത് RDD/AD മാർ സമന്വയയിൽ പൂർത്തിയാക്കേണ്ടതാണ്.

8) ഇതിനോടകം നിരസിക്കപ്പെട്ട നിയമനങ്ങളിൽ ഏതെങ്കിലും നിയമനങ്ങൾ പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച സ്പഷ്ടീകരണങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കാൻ കഴിയുമെങ്കിൽ അതാത് ഓഫീസിൽ തന്നെ ഫയൽ റീ-ഓപൺ ചെയ്ത് അംഗീകാരത്തിനു പരിഗണിക്കേണ്ടതാണ്.

9) മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ റോസ്റ്റർ രജിസ്റ്ററുകളും മേൽ നിർദേശങ്ങൾ പ്രകാരം അതാത് വിദ്യാഭ്യാസ ഓഫീസർമാർ verify ചെയ്ത് ആധികാരികത ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം സ്കൂളുകളിൽ നിയമനാംഗീകാരം ലഭിക്കാതെ തുടരുന്നവർക്ക് പരാമർശം (6) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, ഖണ്ഡിക (5) ലെ സമയപരിധിക്കകം തന്നെ അംഗീകാരം നൽകുന്നതിന് വേണ്ട നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

10) ഭിന്നശേഷി സംവരണം പാലിക്കപ്പെട്ട മാനേജ്മെന്റുകളിലെ അതാത് കാറ്റഗറികളിലെ നിയമനങ്ങൾ റോസ്റ്റർ പരിശോധന പൂർത്തീകരിച്ചുവെന്ന് ഉറപ്പു വരുത്തിയ ശേഷം മാത്രമേ റഗുലർ സ്കെയിലിൽ അംഗീകാരത്തിന് പരിഗണിക്കേണ്ടതുള്ളൂ.

11) മാനേജർമാർ റോസ്റ്റർ ഡാറ്റ കൺഫേം ചെയ്യുന്ന മുറയ്ക്ക് തന്നെ മാനേജ്മെന്റുകൾക്കും വിദ്യാഭ്യാസ ഓഫീസുകൾക്കും റോസ്റ്റർ റിപ്പോർട്ട് ലഭ്യമാകുന്നതാണ്. കൂടാതെ, ഒന്നിലധികം സ്കൂളുകളുള്ള മാനേജ്മെന്റുകളെ സംബന്ധിച്ചിടത്തോളം, ആകെയുള്ള സ്കൂളുകളിൽ എത്ര സ്കൂളുകളുടെ വെരിഫിക്കേഷൻ പൂർത്തീകരിച്ചു എന്ന് ദൃശ്യമാകുന്നതാണ്. എല്ലാ സ്കൂളുകളുടെയും വെരിഫിക്കേഷൻ പൂർത്തികരിക്കേണ്ട അവസാന തീയതിയായ 30/06/2023 -ന് ശേഷം റോസ്റ്റർ ഡാറ്റ സമന്വയയിൽ പൊതുജനങ്ങൾക്കും ലഭ്യമാകുന്നതാണ്.

12 എയ്ഡഡ് മാനേജ്മെന്റുകളിൽ നടക്കുന്ന ഓരോ റഗുലർ നിയമനത്തിന്റെയും സമയത്ത് ബന്ധപ്പെട്ട മാനേജർമാർ റോസ്റ്റർ അപ്ഡേഷൻ വരുത്തേണ്ടതും വിദ്യാഭ്യാസ ഓഫീസർമാർ ആയത് പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം മാത്രം ഇപ്രകാരമുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസഡയറക്ടർ

സ്വീകർത്താവ്:-

1) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
   ഹയർ സെക്കണ്ടറി/ വൊക്കേണൽ ഹയർ സെക്കണ്ടറി വിഭാഗം.
2) എല്ലാ ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരും.
3) എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി അഡീഷണൽ ഡയറക്ടർമാരും.
4) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും.
5) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും.
6) എല്ലാ മാനേജർമാരും.

പകർപ്പ്:-

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം.
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

"ഭരണഭാഷ മാതൃഭാഷ"

നം. എച്ച് 2/295299/2021/ഡിജിഇ. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 17/06/2023
E-mail : supdth.dge@kerala.gov.in

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - എയ്ഡഡ് - ഭിന്നശേഷി സംവരണം - ബാക്ക്‌ലോഗ് കണക്കാക്കിയുള്ള നിയമനം സംബന്ധിച്ച് റോസ്റ്റർ തയ്യാറാക്കുന്നതിനും ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് തടസ്സപ്പെട്ട് കിടക്കുന്ന അധ്യാപക/അനധ്യാപക നിയമനങ്ങൾ അംഗീകരിക്കുന്നതിനുള്ള പുതുക്കിയ മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം :-
1. ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ തൊഴിലും വകുപ്പു മന്ത്രിയുടെ അധ്യക്ഷതയിൽ 14/06/2023-ന് കൂടിയ യോഗതീരുമാനം.
2. 08/11/2021-ലെ സ.ഉ(അച്ചടിച്ചത്) 19/2021/പൊ.വി.വ.
3. 25/06/2022-ലെ സ.ഉ(കൈ) 111/2022/പൊ.വി.വ.
4. 10/08/2022-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡബ്ള്യു.പി(സി) 19808/2021-ലെ നമ്പർ വിധിന്യായം.
5. 23/11/2022, 25/01/2023,31/03/2023, 16/05/2023 എന്നീ തീയതികളിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇതേ നമ്പർ കത്തും സർക്കുലറുകളും.
6. 13/03/2023-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 1445 ഉൾപ്പെടെ യുള്ള റിട്ട് അപ്പീലുകളിൻമേലുള്ള വിധിന്യായം.
7. 24/03/2023-ലെ സ.ഉ (അച്ചടിച്ചത്) 29/2023/പൊ.വി.വ.

സംസ്ഥാനത്തെ എയ്ഡഡ് പ്രൈമറി, സെക്കണ്ടറി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ നിയമനങ്ങളിൽ 1995-ലെ പി.ഡബ്ള്യു.ഡി ആക്ട് പ്രകാരം, 07/02/1996 മുതൽ 18/04/2017 വരെ ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് 3% സംവരണവും 2016-ലെ ആർ.പി.ഡബ്ള്യു.ഡി ആക്ട് പ്രകാരം, 19/04/2017 മുതൽ 4% സംവരണവും ബാക്ക്‌ലോഗ് കണക്കാക്കി റോസ്റ്റർ രജിസ്റ്റർ തയ്യാറാക്കുന്നതിനും താത്കാലികമായി നിമനാംഗീകാരം നൽകുന്നതിനും ബന്ധപ്പെട്ട മാനേജർമാർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും പരാമർശങ്ങൾ പ്രകാരം നിരവധി തവണ മാർഗ നിർദേശങ്ങൾ നൽകിയിരുന്നു. എന്നാൽ, ഭൂരിഭാഗം മാനേജർമാരും റോസ്റ്റർ തയ്യാറാക്കുകയോ സർക്കാർ/ വകുപ്പുതല നിർദേശങ്ങൾ പ്രകാരം ഭിന്നശേഷി സംവരണത്തിനായി ഒഴിവുകൾ മാറ്റി വച്ച്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ വിവരം റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല എന്നും ഇപ്രകാരം ചെയ്ത കേസുകളിൽ നിലവിൽ നിയമനാംഗീകാരമില്ലാതെ തുടർന്നു വരുന്ന ജീവനക്കാരുടെ നിയമനങ്ങൾ ചട്ടപ്രകാരം അംഗീകരിച്ചു നൽകുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ നടപടി സ്വീകരിക്കുന്നില്ല എന്നും വ്യാപകമായ പരാതികൾ വിവിധ തലങ്ങളിൽ നിന്നും ബഹുമാനപ്പെട്ട പൊതുവിദ്യാ

ഭ്യാസവും, തൊഴിലും വകുപ്പ് മന്ത്രി, പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്ക് ലഭിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സർക്കാരിന്റെയും വകുപ്പിന്റെയും നിർദേശങ്ങളിലെ അന്തഃസത്ത ഉൾക്കൊണ്ട് പ്രവർത്തിക്കുവാൻ മാനേജർമാരും വിദ്യാഭ്യാസ ഓഫീസർമാരും നടപടി സ്വീകരിക്കാത്ത സാഹചര്യത്തിൽ, നിയമനാംഗീകാരമില്ലാതെ തുടർന്നു വരുന്ന ജീവനക്കാരുടെ ജീവനോപാധികൾ തടസപ്പെടാതിരിക്കുവാൻ പരാമർശം (1) പ്രകാരം ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പും മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14/06/2023-ന് കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിപ്പിക്കുന്നു.

1. ഇതുവരെയും റോസ്റ്റർ രജിസ്റ്റർ തയ്യാറാക്കി സമർപ്പിക്കാത്ത മാനേജ്മെന്റുകൾ 25/06/2023 നകം തന്നെ റോസ്റ്റർ തയ്യാറാക്കി സമർപ്പിക്കേണ്ടതും 30/06/2023 നകം തന്നെ ബാക്ക്ലോഗ് പ്രകാരം ഭിന്നശേഷി സംവരണത്തിനായി മാറ്റിവെച്ചിട്ടുള്ള ഒഴിവിലേക്ക് ഭിന്നശേഷി വിഭാഗക്കാരെ ലഭിക്കുന്നതിനായി ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിക്വിസിഷൻ ഫോറം സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരം റിക്വിസിഷൻ സമർപ്പിക്കുമ്പോൾ, ആയതിൽ ബാക്ക്ലോഗ് ഒഴിവ് 3 ശതമാനത്തിൽ നിന്നാണോ അതോ 4 ശതമാനത്തിൽ നിന്നാണോ എന്ന് മാനേജർമാർ വ്യക്തമാക്കേണ്ടതാണ്. കൂടാതെ 07/02/1996 മുതൽ 18/04/2017 വരെയുള്ള 3 ശതമാനം കുടിശ്ശിക ഒഴിവിലേക്കാണോ അതോ 19/04/2017 മുതലുള്ള 4 ശതമാനം കുടിശ്ശിക ഒഴിവിലേക്കാണോ ഭിന്നശേഷി വിഭാഗക്കാരനെ വേണ്ടത് എന്ന് ബന്ധപ്പെട്ട മാനേജർമാർ റിക്വിസിഷൻ പ്രകാരം ആവശ്യപ്പെടണമെന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി മാനേജർമാർക്ക് നൽകുന്നു.

   a) 07/02/1996 മുതൽ 18/04/2017 വരെയുള്ള 3 ശതമാനം കുടിശ്ശിക ഒഴിവിലേക്ക് ഭിന്നശേഷി ഉദ്യോഗാർത്ഥികളെ ആവശ്യപ്പെടുമ്പോൾ താഴെപ്പറയുന്ന മുൻഗണനാക്രമം പാലിക്കേണ്ടതാണ്.

      (i) blindness or low vision
      (ii) hearing impairment
      (iii) locomotor disability or cerebral palsy

   b) 19/04/2017 മുതലുള്ള 4 ശതമാനം ഒഴിവുകളിലേക്കുള്ള മുൻഗണനാക്രമം ചുവടെ പറയുന്നു.

      a) blindness and low vision
      b) deaf and hard of hearing

മാനേജർമാർ നിയമിക്കേണ്ടതും പ്രസ്തുത വിവരം വകുപ്പിനെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെയും അറിയിക്കേണ്ടതുമാണ്.

6. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട അവ്യക്തതകളുടെ അടിസ്ഥാനത്തിൽ തടസ്സപ്പെട്ടു കിടക്കുന്ന മുഴുവൻ നിയമനങ്ങളും അതാത് RDD/AD/വിദ്യാഭ്യാസ ഓഫീസർ എന്നിവർ ചട്ട പ്രകാരം പരിശോധിച്ച്, 15/07/2023-ന് മുൻപ് തന്നെ അത്തരം നിയമനാംഗീകാര പ്രൊപ്പോസലുകളിൻമേൽ തീർപ്പുകൽപ്പിക്കേണ്ടതും പ്രസ്തുത വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

7. മാനേജർമാർ റോസ്റ്റർ തയ്യാറാക്കി സമർപ്പിക്കുകയും ആയത് വിദ്യാഭ്യാസ ഓഫീസർമാർ അംഗീകരിച്ചു നൽകുകയും ചെയ്യുന്നതുവരെ ഇന്റർമാനേജ്മെന്റ് ട്രാൻസ്ഫർ അനുവദിക്കുവാൻ പാടില്ല. ഇപ്രകാരമുള്ള ട്രാൻസ്ഫറുകൾ നടക്കുന്നില്ലായെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ കർശനമായും ഉറപ്പുവരുത്തേണ്ടതുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ.**

<u>സ്വീകർത്താവ്:-</u>

1) എല്ലാ ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
2) എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി അഡീഷണൽ ഡറയക്ടർമാർക്കും.
3) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
4) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
5) എല്ലാ മാനേജർമാർക്കും.

<u>പകർപ്പ് :-</u>

1. എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം.
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

} അറിവിലേക്കും തുടർ നടപടികൾക്കുമായി

3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ, കൈറ്റ്, പൂജപ്പുര, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

c) locomotor disability including cerebral palsy, leprosy creude dwarfism, acid attack victims and muscular dystrophy

d) autism, intellectual disability, specific learning disability and mental illness

e) multiple disabilities from amongst persons under clause (a) to (d) including deaf - blindness.

റിക്വിസിഷൻ ഫോമിൽ മാനേജർമാർ ആവശ്യമുള്ള ഉദ്യോഗാർത്ഥികളുടെ മേൽപ്പറഞ്ഞ കാറ്റഗറി കൂടി രേഖപ്പെടുത്തേണ്ടതാണ്.

2. മേൽ ഖണ്ഡിക പ്രകാരമുള്ള റിക്വിസിഷൻ ഫോറം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് ലഭ്യമായിക്കഴിഞ്ഞാൽ, 20/07/2023 നകം തന്നെ ഭിന്നശേഷി വിഭാഗക്കാരുടെ നിയമാനുസൃത ലിസ്റ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ബന്ധപ്പെട്ട മാനേജർമാർക്ക് കൈമാറുന്നതാണ്.

3. ഖണ്ഡിക (2) പ്രകാരം മാനേജർമാർ നടപടികൾ സ്വീകരിച്ചു കഴിഞ്ഞാൽ, 16/05/2023-ലെ എച്ച്2/295299/2021/ഡിജിഇ നമ്പർ സർക്കുലറിലെ ഖണ്ഡിക (4) അനുസരിച്ച് തുടർ നടപടികൾ 10/07/2023 നകം തന്നെ അതാത് വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്. പരാമർശ പ്രകാരമുള്ള സർക്കാർ / വകുപ്പുതല ഉത്തരവുകളിലെ നിർദേശങ്ങൾ പാലിക്കുന്ന മാനേജ്മെന്റുകളിലെ നിയമനങ്ങൾ ചട്ട പ്രകാരം പരിശോധിച്ച് തീർപ്പാക്കേണ്ടതും അല്ലാത്തപക്ഷം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്. കൂടാതെ, എല്ലാ ആർ.ഡി.ഡി/എ.ഡി/വിദ്യാഭ്യാസ ഉപഡയറക്ടർമാരും അവരവരുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകളിലെ റോസ്റ്റർ തയ്യാറാക്കൽ, നിയമനാംഗീകാരം എന്നിവ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട് എന്ന് പരിശോധിച്ചുറപ്പുവരുത്തേണ്ടതാണ്. അനുവദിക്കപ്പെട്ട സമയത്തിനുള്ളിൽ തീർപ്പാകാതെ കിടക്കുന്ന നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അതാത് സമയങ്ങളിൽ തന്നെ പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതാണ്.

4. ഭിന്നശേഷി വിഭാഗക്കാർ സമർപ്പിക്കേണ്ട "JOB ORIENTED PHYSICAL AND FUNCTIONALITY CERTIFICATE" ഇന്റർവ്യൂ നടക്കുന്ന സമയത്ത് ഹാജരാക്കിയാൽ മതിയാകുന്നതാണ്. കൂടാതെ, പ്രസ്തുത സർട്ടിഫിക്കറ്റ് സാമൂഹ്യ നീതി വകുപ്പ് നിർദേശിക്കുന്ന മെഡിക്കൽ അതോറിറ്റിയിൽ നിന്നുമാണ് ഇന്റർവ്യു സമയത്ത് ബന്ധപ്പെട്ട ജീവനക്കാർ വാങ്ങി സമർപ്പിക്കേണ്ടത്.

5. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 15/08/2023 നകം തന്നെ ബന്ധപ്പെട്ട ഒഴിവുകളിൽ ഭിന്നശേഷി വിഭാഗക്കാരെ

3456

"ഭരണഭാഷ മാതൃഭാഷ"

## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

(സാന്നിധ്യം - ഷാനവാസ്.എസ് ഐ.എ.എസ്)

വിഷയം:- പൊതുവിദ്യാഭ്യാസം - എയ്ഡഡ് - ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട സംശയങ്ങളും പരാതികളും പരിഹരിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിലെ വിവിധ തലങ്ങളിൽ സെല്ലുകൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പു മന്ത്രിയുടെ അധ്യക്ഷതയിൽ 14/06/2023-ന് കൂടിയ യോഗ തീരുമാനം.

ഉത്തരവ് നമ്പർ : എച്ച് 2/295299/2021-ഡി.ജി.ഇ തീയതി : 17/06/2023

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ സംശയങ്ങൾക്ക് കൃത്യമായി മറുപടി ലഭ്യമാക്കുന്നതിനും പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും റോസ്റ്റർ തയ്യാറാക്കി സമർപ്പിക്കുന്ന നടപടിയുടെ പുരോഗതി വിലയിരുത്തുന്നതിനും ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും പൊതുവിദ്യാഭ്യാസ ഡയക്ടറേറ്റിന്റെ അധികാര പരിധിയിൽ വരുന്ന ഓഫീസുകളിൽ താഴെപ്പറയും വിധം സെല്ലുകൾ രൂപീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ഹയർ സെക്കണ്ടറി വിഭാഗം:-

ഹയർസെക്കണ്ടറി വിഭാഗം ആർ.ഡി.ഡിമാർ നോഡൽ ഓഫീസർമാരായി സെൽ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതും ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെടുന്ന സംശയങ്ങൾക്കും പരാതികൾക്കും സമയബന്ധിതമായി പരിഹാരം കാണേണ്ടതുമാണ്. സംശയനിവാരണത്തിന് ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകിക്കൊണ്ടുള്ള തുടർ ഉത്തരവ് ആർ.ഡി.ഡി തലത്തിൽ പുറപ്പെടുവിക്കേണ്ടതും വിവരം പൊതുജനങ്ങളെ അറിയിക്കുന്നതിന് വേണ്ട നടപടി ആർ.ഡി.ഡി. തലത്തിൽ സ്വീകരിക്കേണ്ടതുമാണ്.

2) വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം:-

വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം അസിസ്റ്റന്റ് ഡയറക്ടർമാർ, നോഡൽ ഓഫീസർമാരായി സെൽ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതും ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെടുന്ന സംശയങ്ങൾക്കും പരാതികൾക്കും സമയബന്ധിതമായി പരിഹാരം കാണേണ്ടതുമാണ്. സംശയനിവാരണത്തിന് ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ

ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകിക്കൊണ്ടുള്ള തുടർ ഉത്തരവ് അസിസ്റ്റന്റ് ഡയറക്ടർ തലത്തിൽ പുറപ്പെടുവിക്കേണ്ടതും വിവരം പൊതുജനങ്ങളെ അറിയിക്കുന്നതിന് വേണ്ട നടപടി അഡീഷണൽ ഡയറക്ടർ തലത്തിൽ സ്വീകരിക്കേണ്ടതുമാണ്.

3) ജില്ലാ / ഉപജില്ലാ തലം:-

(i) സംസ്ഥാനത്തെ എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെയും പി.എമാർ നോഡൽ ഓഫീസർമാരായി സെൽ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതും ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ഉന്നിയിക്കപ്പെടുന്ന സംശയങ്ങൾക്കും പരാതികൾക്കും സമയബന്ധിതമായി പരിഹാരം കാണേണ്ടതുമാണ്. സംശയനിവാരണത്തിന് ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകിക്കൊണ്ടുള്ള തുടർ ഉത്തരവ് ജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിൽ പുറപ്പെടുവിക്കേണ്ടതും വിവരം പൊതുജനങ്ങളെ അറിയിക്കുന്നതിന് വേണ്ട നടപടി ജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിൽ സ്വീകരിക്കേണ്ടതുമാണ്.

(ii) സംസ്ഥാനത്തെ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെയും സീനിയർ സൂപ്രണ്ടുമാർ നോഡൽ ഓഫീസർമാരായി സെൽ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതും ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെടുന്ന സംശയങ്ങൾക്കും പരാതികൾക്കും സമയബന്ധിതമായി പരിഹാരം കാണേണ്ടതുമാണ്. സംശയനിവാരണത്തിന് ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകിക്കൊണ്ടുള്ള തുടർ ഉത്തരവ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിൽ പുറപ്പെടുവിക്കേണ്ടതും വിവരം പൊതുജനങ്ങളെ അറിയിക്കുന്നതിന് വേണ്ട നടപടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിൽ സ്വീകരിക്കേണ്ടതുമാണ്.

4) വിദ്യാഭ്യാസ ഉപഡയറക്ടറേറ്റ് തലം :-

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട പരാതികളും സംശയങ്ങളും സബ് ഓഫീസുകളിൽ നിന്നും സമയബന്ധിതമായി പരിഹരിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിനായി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടറേറ്റുകളിലെയും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്മാർ നോഡൽ ഓഫീസർമാരായി സെൽ രൂപീകരിക്കേണ്ടതും കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. സബ് ഓഫീസുകളിലെ പ്രവർത്തനങ്ങളിൽ പൊതുജനങ്ങൾക്ക് അതൃപ്തി ഉള്ള പക്ഷം ആയത് അറിയിക്കുന്നതിന്, ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകിക്കൊണ്ടുള്ള തുടർ ഉത്തരവ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ പുറപ്പെടുവിക്കേണ്ടതും വിവരം പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന തരത്തിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്. റോസ്റ്റർ, ഭിന്നശേഷി സംവരണം എന്നിവ

സംബന്ധിച്ച വിഷയങ്ങളിൽ അവ്യക്തത ഉള്ള പക്ഷം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ ബന്ധപ്പെട്ട ജീവനക്കാർക്ക് ഓൺലൈൻ പരിശീലനം ജില്ലാ/സംസ്ഥാന നോഡൽ ഓഫീസർമാരുടെ സേവനം ലഭ്യമാക്കി നടത്താവുന്നതാണ്.

5) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് തലം :-

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട സെല്ലുകളുടെ ജില്ല തിരിച്ച ഏകോപനം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്.

1. ദീപ മാർട്ടിൻ, ചീഫ് പ്ലാനിംഗ് ഓഫീസർ, മൊബൈൽ നം : 9496398959
   (തിരുവനന്തപുരം, കൊല്ലം)
2. ധന്യ ആർ. കുമാർ, വിദ്യാഭ്യാസ ഉപഡയറക്ടർ (എംപ്ലോയ്മെന്റ്)
   മൊബൈൽ നം.7012931443 ( ഇടുക്കി, കോട്ടയം)
3. ശ്രീമതി.അംബിക.സി, പ്രോജക്ട് ഓഫീസർ, മൊബൈൽ നം. 9496197098
   (പത്തനംതിട്ട, ആലപ്പുഴ, എറണാകുളം)
4. ലാൽ കെ.ഐ. വിദ്യാഭ്യാസ ഉപഡയറക്ടർ, ക്യൂ.ഐ.പി. മൊബൈൽ നം. 9496847068
   (തൃശ്ശൂർ, പാലക്കാട്, മലപ്പുറം)
5. ശ്രീമതി.സിന്ധു,ജെ, ക്യൂ.ഐ.പി. ഡി.ഡി.ഇ, മൊബൈൽ നം : 9446966965
   (കോഴിക്കോട്, വയനാട്)
6. ശ്രീമതി.അംബിക.എ.പി, ക്യൂ.ഐ.പി. ഡി.ഡി.ഇ, മൊബൈൽ നം : 9495331442
   (കണ്ണൂർ, കാസറഗോഡ്)

മേൽനോട്ടം

1. ശ്രീ.സി.എ.സന്തോഷ്, പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ),
   ഫോൺ നം : 0471-2580504
2. ശ്രീ.ഷൈൻമോൻ.എം.കെ, പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്),
   ഫോൺ നം : 0471-2580505
3. ശ്രീ.ആർ.സുരേഷ്കുമാർ, ജോയിന്റ് ഡയറക്ടർ, ഹയർസെക്കണ്ടറി ഡയറക്ടറേറ്റ്,
   ഫോൺ നം : 0471-2325868
4. ശ്രീമതി.ഗീത.എസ്, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റ്, ഫോൺ നം : 0471-2325323
5. ശ്രീ.ബനഡിക്ട്.എ.ഐ, സൂപ്രണ്ട് എച്ച് സെക്ഷൻ,
   ഫോൺ നം : 0471-2580515

വിദ്യാഭ്യാസ ഉപഡയറക്ടറേറ്റ് തലങ്ങളിൽ തീർപ്പാകാതെ വരുന്ന സാങ്കേതികപരമായ സംശയങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം സമന്വയയുമായി ബന്ധപ്പെട്ട ജില്ലാ നോഡൽ ഓഫീസർമാരെ സമീപിച്ച് പരിഹാരം തേടേണ്ടതാണ്. ഇപ്രകാരം പരിഹരിക്കപ്പെടാൻ കഴിയാത്തവ ഉള്ളപക്ഷം ആയതിന് സമന്വയയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന സംസ്ഥാന നോഡൽ ഓഫീസർമാരുടെ സേവനം തേടേണ്ടതാണ്. .

1. ശ്രീ. ഉണ്ണികൃഷ്ണൻ, നൂൺമീൽ ഓഫീസർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, ചെർപ്പുളശ്ശേരി, മൊബൈൽ നം : 9846703509
2. ശ്രീ.അബ്ദുൾ ജലീൽ, ജൂനിയർ സൂപ്രണ്ട്, വിദ്യാഭ്യാസ ഉപഡയറക്ടറേറ്റ്, കോഴിക്കോട്, മൊബൈൽ നം : 8547936961
3. ശ്രീ.വിനോദ് ബാലകൃഷ്ണൻ, സ്റ്റോർ കീപ്പർ, വിദ്യാഭ്യാസ ഉപഡയറക്ടറേറ്റ്, കാസർഗോഡ്, മൊബൈൽ നം : 9495329465

പൊതുവിദ്യാഭ്യാസ ഡയറക്ടർ.

സ്വീകർത്താവ്:-

1) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം.
2) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
3) എല്ലാ ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
4) എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി അസിസ്റ്റന്റ് ഡാറയക്ടർമാർക്കും.
5) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
6) എല്ലാ മാനേജർമാർക്കും.
7) ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും.

പകർപ്പ്:-

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം.
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

"ഭരണഭാഷ മാതൃഭാഷ"

നം. എച്ച്2/295299/2021/ഡിജിഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 21/08/2023
E-Mail: supdth.dge@kerala.gov.in

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം.

1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
   ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം.
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും.
3. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും.

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - സഹായിതം - സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ അധ്യാപക / അനധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി സംവരണം പാലിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. 18/08/2023-ലെ ജെ.ആർ1/398/2023/പൊ.വി.വ. നമ്പർ സർക്കാർ കത്തും അനുബന്ധ രേഖകളും.
2. 16/08/2023-ലെ ബഹു:ഹൈക്കോടതിയുടെ കോടതി അലക്ഷ്യക്കേസ് (സി) 1693/2023 (എസ്) നമ്പർ വിധിന്യായം.
3. എസ്.എൽ.പി.(സി) 9566/2023 ഉൾപ്പെടെയുള്ള കേസുകളിൽമേൽ 15/05/2023, 14/07/2023 എന്നീ തീയതികളിൽ ബഹു:സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള ഇടക്കാല ഉത്തരവുകൾ.
4. 05/08/2023-ലെ പൊതുവിദ്യാഭ്യാസം - ജെആർ1/238/2023-പൊ.വി.വ നമ്പർ സർക്കാർ കത്ത്.
5. *ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് സർക്കാർ, ഡയറക്ടറേറ്റ്* എന്നിവിടങ്ങളിൽ നിന്നും നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിർദ്ദേശങ്ങൾ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) മുതൽ (5) വരെയുള്ള ഉത്തരവുകളുടെയും കോടതി വിധിന്യായങ്ങളുടെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികൾക്ക് നൽകുന്നു.

1. ഭിന്നശേഷി നിയമനം സംബന്ധിച്ചും ജീവനക്കാരുടെ അംഗീകാരം നൽകുന്നത് സംബന്ധിച്ചും ഉള്ള അവ്യക്തതകൾ മൂലം നിയമനാംഗീകാരം ലഭിക്കാതെ തുടരുന്ന ജീവനക്കാരുടെ വിഷയം, ബഹുമാനപ്പെട്ട സുപ്രീംകോടതി / ഹൈക്കോടതി

വിധിന്യായങ്ങൾക്കും സർക്കാർ / വകുപ്പു തല ഉത്തരവുകൾക്കും സർക്കുലറുകൾക്കും അനുസൃതമായി പരിശോധിച്ച്, നിയമനാംഗീകാരം നൽകുന്നതിനുള്ള അടിയന്തിര നടപടികൾ ബന്ധപ്പെട്ട ഹയർ സെക്കണ്ടറി ആർ.ഡി.ഡി.മാർ / വൊക്കേഷണൽ ഹയർസെക്കണ്ടറി എ.ഡി.മാർ/ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്. ഇതോടൊപ്പം തന്നെ ചട്ടപ്രകാരം ഭിന്നശേഷി സംവരണം പാലിച്ചിട്ടുണ്ട് എന്നുറപ്പുവരുത്തേണ്ടതുമാണ്.

2. ബഹുമാനപ്പെട്ട കോടതി നിർദ്ദേശവും സർക്കാർ ഉത്തരവുകളും പാലിക്കാതെ ഭിന്നശേഷി സംവരണം അട്ടിമറിക്കുവാൻ ശ്രമിക്കുന്ന മാനേജർമാർക്കെതിരെ കെ.ഇ.ആർ അദ്ധ്യായം-III ചട്ടം -7 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് മുൻപ് ബന്ധപ്പെട്ട കോർപ്പറേറ്റ് / വ്യക്തിഗത മാനേജർമാർക്ക് ചട്ടപ്രകാരം അറിയിപ്പു നൽകേണ്ടതും പൊതുവിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ അച്ചടക്ക നടപടികൾ തുടരേണ്ട സാഹചര്യമുള്ള പക്ഷം അത്തരം കേസുകൾ യഥാസമയം തന്നെ ഡയറക്ടറെ അറിയിക്കേണ്ടതുമാണ്.

3. നിയമനാംഗീകാരമില്ലാതെ തുടരുന്ന ജീവനക്കാരുടെയും, മാനേജർമാർ ചട്ടപ്രകാരം നിയമിച്ചിട്ടുള്ള ഭിന്നശേഷി ജീവനക്കാരുടെയും നിയമനാംഗീകാര വിഷയത്തിൽ അകാരണമായ കാലതാമസം വരുത്തുന്ന വിദ്യാഭ്യാസ ഓഫീസർമാർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്ന് മുന്നറിയിപ്പ് നൽകുന്നു. കൂടാതെ ഈ വിഷയത്തിൽ ബന്ധപ്പെട്ട ഹയർസെക്കണ്ടറി / വൊക്കേഷണൽ ഹയർസെക്കണ്ടറി സീനിയർ അഡ്മിനിട്രേറ്റീവ് ഓഫീസർമാർ / വിദ്യാഭ്യാസ ഉപഡയറക്ടർമാർ എന്നിവർ കൃത്യമായ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

4. ഓരോ വിദ്യാഭ്യാസ ഓഫീസിലും ആകെ ഉണ്ടായിരുന്ന നിയമനാംഗീകാര ഫയലുകൾ, അവയിൽ ജൂലൈ 15 നകം അംഗീകരിച്ചവ, നിരസിച്ചവ, നടപടിയൊന്നും സ്വീകരിക്കാത്തവ എന്നിവയുടെ കൃത്യമായ വിവരങ്ങൾ, നിരസിച്ചതിനുള്ള കാരണം, നിയമനാംഗീകാര ഫയലുകളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിനുള്ള വിശദീകരണം എന്നിവ സഹിതം വിശദമായ റിപ്പോർട്ട് 11/09/2023-നകം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് മുൻപാകെ സമർപ്പിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർ

I/493699/2023

പുറത്തെഴുത്തു ഉത്തരവ്:
ഡി.ജി.ഇ/15133/2023-എച്ച് 2

NO TO DRUGS

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 01-11-2023

30/10/2023 ലെ ബഹു.സുപ്രീം കോടതിയുടെ എസ് എൽ പി (സി) 37138/2023 നമ്പർ വിധിന്യായത്തിന്റെയും ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട നില നിൽക്കുന്ന വിവിധ കോടതി അലക്ഷ്യ ഹർജികളുടെയും അടിസ്ഥാനത്തിൽ,01/11/2023 ന് പൊ.വി.വ-ജെ ആർ 1/502/2023-പൊ.വി.വ നമ്പർ സർക്കാർ കത്ത് പ്രകാരം ലഭ്യമാക്കിയ നിർദേശങ്ങൾ അറിവിലേക്കും അടിയന്തര നടപടികൾക്കുമായി ഇതോടൊപ്പം നൽകുന്നു.ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട വിവിധ കാരണങ്ങളാൽ ഇതിനോടകം തന്നെ നിരസിക്കപ്പെട്ടു കിടക്കുന്ന എല്ലാ നിയമനാംഗീകാര ഫയലുകളും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ **അപ്പലേറ്റ് ഉത്തരവിനു കാത്തു നിൽക്കാതെ , സമന്വയയിൽ "File Re-open as a copy"എന്ന രീതിയിൽ ഓപൺ ആക്കി മറ്റുവിധത്തിൽ യോഗ്യമെങ്കിൽ നിയമനാംഗീകാരം നൽകി, ഫയലുകൾ തീർപ്പാക്കേണ്ടതാണ്.19/10/2023 ലെ കോടതി അലക്ഷ്യക്കേസ് നമ്പർ: 2014/2023 ഉൾപ്പെടെയുള്ള എല്ലാ വിധിന്യായങ്ങളുടെയും അടിസ്ഥാനത്തിൽ, നിയമനാംഗീകാരം നൽകി ശമ്പള വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അതാതു വിദ്യാഭ്യാസ ഒഫീസർമാർ നേരിട്ട് അഡ്വക്കേറ്റ് ജനറലിനെ അറിയിച്ച് കോടതി അലക്ഷ്യക്കേസുകൾ തീർപ്പാക്കുന്നതിനു വേണ്ട നടപടികൾ** അടിയന്തരമായി കൈക്കൊള്ളേണ്ടതുമാണ്. ഹയർസെക്കൻഡറി, വോക്കേഷണൽ ഹയർസെക്കൻഡറി വിഭാഗവുമായി ബന്ധപ്പെട്ട നിയമന അംഗീകാര ഫയലുകളുടെ കാര്യത്തിലും സർക്കാർ ഉത്തരവിന് അനുസൃതമായി നടപടി സ്വീകരിക്കേണ്ടതാണ്.

Signed by
Santhosh C A
Date: 01-11-2023 22:30:50
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

1) എല്ലാ ഹയർ സെക്കണ്ടറി ആർ.ഡി.ഡി മാരും
2) എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി എ.ഡി മാരും
3) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

പകർപ്പ്:-

(1) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം
(2) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
(3) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കൈറ്റ്,പൂജപ്പുര
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

പൊതുവിദ്യാഭ്യാസ (ജെ ആർ) വകുപ്പ്

നം.പൊ.വി.വ-ജെ ആർ 1/502/2023-പൊ.വി.വ

01-11-2023,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ,

തിരുവനന്തപുരം.

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം-ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് നിയമനാംഗീകാരം ലഭിക്കുന്നതിനായി ഫയൽ ചെയ്തിട്ടുള്ള കോടതി അലക്ഷ്യ ഹർജികളിലെ വിധി പാലിക്കുന്നതിന് നിർദ്ദേശം നൽകുന്നതു സംബന്ധിച്ച്

സൂചന:- 1. 19/10/2023 ലെ കോടതിയലക്ഷ്യക്കേസ് നമ്പർ Con.Case(C) No.2014/2023 in WA 1725/2022.

2. ബഹു.സുപ്രീം കോടതിയുടെ SLP(C) No.37138/2023 നമ്പർ കേസിലെ 30/10/2023ലെ ഇടക്കാല വിധി.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ബഹു.ഹൈക്കോടതിയുടെ 19/10/2023 ലെ ഇടക്കാല ഉത്തരവിൽ ഭിന്നശേഷി സംവരണം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങൾ പാലിക്കപ്പെടാത്തതിനാൽ മാത്രം നിയമന അംഗീകാരം നല്കിയിട്ടില്ലാത്ത കേസുകളിൽ, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, അപ്രകാരമുള്ള നിയമനങ്ങൾക്കു പ്രൊവിഷണലായി നിയമന അംഗീകാരം നൽകുവാനും അതനുസരിച്ച് ശമ്പളം നൽകുവാനും നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ യോഗ്യതയില്ലാത്തതിനാലോ, സീനിയോറിറ്റി പ്രശ്നങ്ങളാലോ, നിയമനാംഗീകാരം നൽകുന്നതിന് തടസ്സമാകുന്ന മറ്റെന്തെങ്കിലും കാരണങ്ങളാലോ നിയമനാംഗീകാരം നൽകാൻ കഴിയാത്ത കേസുകളിലൊഴികെ, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ റോസ്റ്ററിലെ അപാകതയോ മാത്രമാണ് നിയമനാംഗീകാരം നൽകാതിരുന്നതിന്റെ കാരണമെങ്കിൽ ആയത് കണക്കിലെടുക്കാതെ, സൂചന 1 ലെ കോടതിവിധിയുടെ അടിസ്ഥാനത്തിൽ 18/11/2018നും 8/11/2021നും ഇടയ്ക്കുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രൊവിഷണലായി നിയമനാംഗീകാരം നൽകുന്നതിന് അനുമതി നൽകുന്നു. 8/11/2021 നു ശേഷമുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് 13/3/2023ലെ ഡിവിഷൻ ബഞ്ചിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ദിനവേതനാടിസ്ഥാനത്തിൽ മാത്രമേ നിയമനാംഗീകാരം നൽകാവൂ.

സൂചന 2ലെ ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭിന്നശേഷി നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഇതുവരെ നടപടിയൊന്നും സ്വീകരിക്കാത്ത മാനേജ്മെന്റുകൾക്ക് അടിയന്തരമായി ഇതിനായി നടപടി സ്വീകരിക്കുവാൻ നിർദേശം നൽകേണ്ടതും വിദ്യാഭ്യാസ ഓഫീസർമാർ മാനേജ്മെന്റുകൾ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തിയാൽ മാത്രമേ നിലവിൽ പ്രൊവിഷണലായി നിയമനാംഗീകാരം നൽകുന്നവർക്ക് റഗുലർ നിയമനം നൽകേണ്ടതുള്ളൂ.

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ റോസ്റ്ററിലെ അപാകതയോ കാരണം നിയമനാംഗീകാരം ലഭിക്കാത്ത നിരവധി പേർ നിയമനാംഗീകാരം നൽകുന്നതിനായി അനുകൂല കോടതിവിധികൾ വ്യക്തിഗതമായി നേടിയിട്ടുണ്ട്. അത്തരം കേസുകളിലും മേൽ സൂചിപ്പിച്ച പ്രകാരം മറ്റുവിധത്തിൽ ക്രമപ്രകാരമാണോ എന്ന് പരിശോധിച്ചതിനു ശേഷം നിയമനാംഗീകാരം നൽകാവുന്നതാണ്. കോടതിക്കേസുകൾ ഫയൽ ചെയ്തവർക്ക് നിയമനാംഗീകാരം നൽകുന്നതിന് നിലവിൽ അനുകൂല വിധി ലഭിച്ചിട്ടുണ്ട്. എന്നാൽ സർക്കാരിൽ സമാനമായ നിരവധി അപേക്ഷകൾ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ആയത് പരിഗണിച്ച് കൂടി അംഗീകാരം നൽകാതെയിരുന്നാൽ കേസ് ഫയൽ ചെയ്ത ജൂനിയറിന് കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിക്കുമ്പോൾ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള സീനിയറിന് നിയമനാംഗീകാരം ലഭിക്കാതെ വരുന്ന സാഹചര്യമുണ്ടാകുമെന്നും ആയത് കൂടുതൽ കോടതികേസുകളിലേയ്ക്കും ഫീൽഡ്തലത്തിൽ മറ്റ് പ്രശ്നങ്ങളിലേക്കും വഴി വയ്ക്കുമെന്നും സർക്കാർ നിരീക്ഷിക്കുന്നു. പെറ്റീഷണർമാർക്ക് നിയമനാംഗീകാരം നൽകുന്നതിന് ബഹു.കോടതി പരാമർശിച്ചിട്ടുള്ള കാരണങ്ങൾ നിയമനാംഗീകാരം ലഭിക്കാത്ത, സമാന അവസ്ഥയിലുള്ള മറ്റുള്ളവർക്കും ബാധകമാകുന്നതാണെന്നും കാണുന്നു.എന്നാൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു.സുപ്രീം കോടതിയിലും ബഹു.ഹൈക്കോടതിയിലും കേസുകൾ നിലവിലുണ്ട്. ആയതിനാൽ 18/11/2018നും 8/11/2021നും ഇടയ്ക്കുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവരിൽ ഇനിയും അംഗീകാരം നൽകാത്തവർക്ക്, മാനേജർമാർ സമർപ്പിക്കുന്ന റോസ്റ്ററിലെ അപാകതയോ റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ തടസ്സമാക്കാതെ, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു.സുപ്രീം കോടതിയിലും ബഹു.ഹൈക്കോടതിയിലും നിലവിലുള്ള കേസുകളിലെ അന്തിമവിധിക്കു വിധേയമായി മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ പ്രൊവിഷണലായി അംഗീകാരം നൽകുന്നതിനും അനുമതി നൽകുന്നു.

സൂചന 1 ലെ വിധിയുടെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകി ശമ്പളം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അതാത് വിദ്യാഭ്യാസ ഓഫീസർമാർ നേരിട്ട് അഡ്വക്കേറ്റ് ജനറലിനെ അറിയിച്ച് കോടതിയലക്ഷ്യക്കേസുകൾ തീർപ്പാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററിയിലേതുൾപ്പെടെ ബന്ധപ്പെട്ട എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകേണ്ടതാണ്.

നിയമനാംഗീകാരം നൽകുന്നതു സംബന്ധിച്ചും ഭിന്നശേഷി സംവരണം പാലിച്ച മാനേജർമാർ നിയമനം നടത്തുന്നതു സംബന്ധിച്ചുമുള്ള സ്റ്റാറ്റസ് റിപ്പോർട്ട് സർക്കാരിന് രണ്ടാഴ്ചക്കകം സമർപ്പിക്കുവാനും അറിയിക്കുന്നു.

വിശ്വസ്തതയോടെ,<br>
MEENAMBIKA M I<br>
JOINT SECRETARY<br>
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by<br>
N.k. Sheena<br>
സെക്ഷൻ ഓഫീസർ<br>
Date: 01-11-2023 16:23:34